# 54-ാമത് മന്നംസമാധിദിനാചരണം

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 54-ാമത് ചരമവാർഷികം 2024 ഫെബ്രുവരി 25 ഞായറാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു.

എൻ.എസ്.എസ്. ആസ്ഥാനത്തുള്ള മന്നംസമാധിമണ്ഡപത്തിലും സംസ്ഥാനവ്യാപകമായി താലൂക്കുയൂണിയൻതലത്തിലും കരയോഗതലത്തിലും സമാധിദിനാചരണം നടത്തുകയുണ്ടായി. രാജ്യത്തിന് അകത്തും പുറത്തും നായർസമുദായാംഗങ്ങളുടെ നേതൃത്വത്തിൽ സമാധിദിനം ആചരിച്ചു.



നമുക്ക് എന്നും മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടന്നു. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 വരെ നടന്ന പ്രസ്തുത ചടങ്ങിൽ സമീപ കരയോഗങ്ങളിലെ അംഗങ്ങളും എല്ലാവർഷവും നിർബന്ധമായും പതിവുതെറ്റാതെ എത്തുന്നവരായ ആയിരക്കണക്കിന് സമുദായാംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും പങ്കെടുത്തു.

കോവിഡ് മഹാമാരിക്കുശേഷം ആദ്യമായി കുട്ടനാട്, തിരുവല്ല, മല്ലപ്പള്ളി താലൂക്ക് യൂണിയനുകളിൽനിന്നുമുള്ള ആയിരക്കണക്കിന് സമുദായാംഗങ്ങൾ പദയാത്രയായി മന്നംസമാധിമണ്ഡപത്തിൽ എത്തിച്ചേരുകയുണ്ടായി.

മന്നംസമാധിമണ്ഡപത്തിൽ ഭക്തിനിർഭരമായ ചടങ്ങ് നടക്കുമ്പോൾതന്നെ, ഇവിടെ എത്താൻകഴിയാതെവന്ന സമുദായാംഗങ്ങൾ അവരവരുടെ താലൂക്കുയൂണിയനുകളിലും കരയോഗങ്ങളിലും രാവിലെ 6 മണി മുതൽ 11.45 വരെ നടന്ന ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ആ പുണ്യാത്മാവിന്റെ ചിത്രത്തിനു മുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിച്ചാണ് അവർ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിച്ചത്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപംനല്കിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും ആണ് താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും നടത്തിയ ആചരണത്തിന്റെ സമാപനം കുറിച്ചത്.

മന്നംസമാധിമണ്ഡപത്തിൽ ജനറൽ സെക്രട്ടറി ഭക്തിപൂർവം ചൊല്ലിക്കൊടുത്ത 'ഹരേ രാമ'മന്ത്രം മറ്റുള്ളവർ ഏറ്റുചൊല്ലി. എൻ.എസ്.എസ്. രൂപീകരണസമയത്ത് സ്ഥാപകാംഗങ്ങളായ പതിന്നാലുപേർ ചേർന്നെടുത്ത പ്രതിജ്ഞ എൻ.എസ്.എസ്. പ്രസിഡന്റ് ചൊല്ലിക്കൊടുക്കുകയും സമുദായാംഗങ്ങൾ ഏറ്റുചൊല്ലുകയും ചെയ്തു. കർപ്പൂരാരതിയോടെ സമാധിമണ്ഡപത്തിലെ ചടങ്ങുകൾ അവസാനിച്ചു.